**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം
# KEAM-2019
## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (എം.ബി.ബി.എസ്., ബി.ഡി.എസ് ഒഴികെ) കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2019-ലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ്, ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആണ്. MBBS, BDS കോഴ്സുകൾക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് സംബന്ധമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഈ അലോട്ട്മെന്റിൽ പാലക്കാട്, അഹല്യ ആയുർവേദ മെഡിക്കൽ കോളേജ് (AHA), കണ്ണൂർ, എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജ് (PRK), പാലക്കാട്, ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് (SGA), വൈദ്യരത്നം ആയുർവേദ മെഡിക്കൽ കോളേജ് ഒല്ലൂർ (OLR) എന്നീ കോളേജുകൾക്ക് ആയുഷ് മന്ത്രാലയത്തിന്റെയും, യൂണിവേഴ്സിറ്റിയുടെയും അംഗീകാരം ലഭിക്കാത്തതിനാൽ ഈ ഘട്ടത്തിൽ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതായിരിക്കും.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകൾക്ക് ഈ ഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളും മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ലഭിച്ചവരും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ഉണ്ടെങ്കിൽ) **2019 ജൂലൈ 18 മുതൽ 20 വരെ** തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കിയശേഷം **2019 ജൂലൈ 20–ാം തീയതി വൈകുന്നേരം 4 മണിയ്ക്കകം** അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ്, ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകളിലേക്ക് ഈ ഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളും മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ലഭിച്ചവരും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ഉണ്ടെങ്കിൽ) **2019 ജൂലൈ 18 മുതൽ 22 വരെ** തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കിയശേഷം **2019 ജൂലൈ 22–ാം തീയതി വൈകുന്നേരം 4 മണിയ്ക്കകം** അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

**നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.**

പ്രത്യേക ശ്രദ്ധയ്ക്ക്:

1) ഈ ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ഉണ്ടാകാവുന്ന തുടർന്നുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

2) ഈ ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഉണ്ടാകാവുന്ന തുടർന്നുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പരിഗണിക്കുന്നതല്ല.

3) ഈ ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഉണ്ടാകാവുന്ന തുടർന്നുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ ഫാർമസി കോഴ്സിലേയ്ക്ക് പരിഗണിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം

17.07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**